(ബി) എത്ര കോടി രൂപയുടെ നാശനഷ്ടം വരൾച്ചമൂലം സംസ്ഥാനത്തുണ്ടായതായി സംഘം വിലയിരുത്തി എന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കോടി രൂപ സംഘം കേന്ദ്രത്തോട് ശുപാർശ ചെയ്തുവെന്ന് വ്യക്തമാക്കാമോ ;

(ഡി) എത്ര കോടി രൂപ സംസ്ഥാനം കേന്ദ്രത്തോട് വരൾച്ചാ ദുരിതാശ്വാസത്തിന്റെ പേരിൽ ആവശ്യപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ 2010 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലുണ്ടായ അതിരൂക്ഷമായ വരൾച്ചയെ നേരിടുന്നതിന് 164 കോടി രൂപ കേന്ദ്രസഹായം അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര കൃഷി മന്ത്രാലയം ജോയിന്റ് സെക്രട്ടറി ശ്രീ. അത്തനുപുർക്കായസ്തയുടെ നേതൃത്വത്തിലുള്ള കേന്ദ്രസംഘം സംസ്ഥാനത്തെ പാലക്കാട്, കോഴിക്കോട്, കാസർഗോഡ്, എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. പ്രത്യേകിച്ച് വേനൽമഴയെ തുടർന്ന് ഇടുക്കി ജില്ലയിലുണ്ടായ അസാധാരണ പ്രതിഭാസമായ മഞ്ഞുമഴ പെയ്ത ചെകുത്താൻമല കേന്ദ്ര സംഘം സന്ദർശിച്ചു. അതുപോലെ അസാധാരണമായ ഇടിമിന്നൽമൂലം 7 പേർ മരണപ്പെട്ട പത്തനംതിട്ട ജില്ലയിലും കേന്ദ്രസംഘം സന്ദർശനം നടത്തുകയുണ്ടായി.

(ബി&സി) ഇതുസംബന്ധിച്ച അറിയിപ്പൊന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) 2010-ൽ മാർച്ച് മുതൽ മേയ് വരെ സംസ്ഥാനത്ത് അനുഭവപ്പെട്ട അതിരൂക്ഷമായ വരൾച്ചയെ നേരിടുന്നതിന് മാനദണ്ഡപ്രകാരം കണക്കാക്കിയ 164 കോടി രൂപ കേന്ദ്രസഹായമായി അഭ്യർത്ഥിച്ചിരുന്നു.

കാലവർഷക്കെടുതിയുടെ നഷ്ടപരിഹാരം

160 (3931) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിയിൽ സ്ഥാവര ജംഗമ വസ്തുക്കൾ നഷ്ടപ്പെടുന്നവർക്ക് നിലവിൽ നൽകിവരുന്ന സഹായധനത്തിന്റെ വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇതിൽ വീട് നഷ്ടപ്പെട്ടവർക്ക് നൽകി വരുന്ന നഷ്ടപരിഹാരത്തുക അപര്യാപ്തമാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ നഷ്ടപരിഹാരമായി നൽകിവരുന്ന തുക കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതോടൊപ്പം മറ്റ് നഷ്ടപരിഹാര തുകകളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാലവർഷക്കെടുതിയിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 2-8-2007-ലെ ജി.ഒ.(എം.എസ്.)284/2007/ഡി.എം.ഡി. ഉത്തരവിന്റെയും 16-2-2009-ലെ ജി.ഒ.(എം.എസ്.)89/2009/ഡി.എം.ഡി. ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് സഹായധനം നൽകിവരുന്നത്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. നാശനഷ്ടങ്ങൾക്ക് ഇരയായവർക്ക് അടിയന്തര സമാശ്വാസധനം മാത്രമാണ് നൽകിവരുന്നത്. വീട് നഷ്ടപ്പെട്ടവർക്ക് നൽകുന്ന സമാശ്വാസധനം അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) സി.ആർ.എഫ്.-ൽനിന്നും സമാശ്വാസധനം നൽകുന്നതിന്റെ മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത് കേന്ദ്രഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയമാണ്. ആയതിനാൽ മാനദണ്ഡത്തിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന ഗവൺമെന്റിന് കഴിയില്ല. സി.ആർ.എഫ്. മാനദണ്ഡപ്രകാരം നിശ്ചയിച്ചിരിക്കുന്ന സമാശ്വാസധനം കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നതാണ്.

കാലവർഷക്കെടുതിയിൽ ജീവഹാനി സംഭവിച്ചവരുടെ കുടുംബത്തിന് ആശ്വാസ ധനസഹായം

161 (3932) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ലെ കാലവർഷക്കെടുതിമൂലം സംസ്ഥാനത്ത് ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് എത്ര രൂപയാണ് ആശ്വാസധനസഹായം നൽകിയിട്ടുള്ളത് വിശദാംശം വ്യക്തമാക്കുമോ ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കഴിവതും വേഗത്തിൽ ആശ്വാസ ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2010-ലെ കാലവർഷക്കെടുതിമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയാണ് ആശ്വാസ ധനസഹായമായി അനുവദിച്ചു വരുന്നത്. കേന്ദ്രഗവൺമെന്റിന്റെ ആഭ്യന്തര മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം തയ്യാറാക്കിയിട്ടുള്ള 2-8-2007-ലെ ജി.ഒ.(എം.എസ്.) 284/07/ഡി.എം.ഡി. ഉത്തരവുപ്രകാരമാണ് ഈ തുക നൽകിയത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly